**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

**ഏഴാമത് റിപ്പോർട്ട്**

[കയർ വ്യവസായം സംബന്ധിച്ച പഠനം]

(2013 ഫെബ്രുവരി മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2011–2014)

ഏഴാമത് റിപ്പോർട്ട്

[കയർ വ്യവസായം സംബന്ധിച്ച പഠനം]

303/2013.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

,, എം. എ. ബേബി ,,

,, എ. കെ. ബാലൻ ,,

,, ഡൊമിനിക് പ്രസന്റേഷൻ ,,

,, ഇ. പി. ജയരാജൻ ,,

,, സി. മോയിൻകുട്ടി ,,

,, കെ. മുരളീധരൻ ,,

,, കെ. രാജു ,,

,, എ. കെ. ശശീന്ദ്രൻ ,,

,, സി. എഫ്. തോമസ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 ഫെബ്രുവരി മാസം 7-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

# റിപ്പോർട്ട്

## കയർ വ്യവസായം

### ആമുഖം

കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലയുടെ പരിവർത്തനത്തിനും സമ്പദ്‌വ്യവസ്ഥയുടെ രൂപീകരണത്തിനും വളരെയധികം സംഭാവന ചെയ്ത മേഖലയാണ് കയർവ്യവസായ മേഖല. കേരളത്തിന്റെ കായലോര പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽമേഖലയായ തൊണ്ട് സംസ്കരണവും കയറുല്പാദനവും അനുബന്ധതൊഴിലുകളും തദ്ദേശീയ ജനപഥം അവരുടെ കുലത്തൊഴിലായി സ്വീകരിച്ചിരുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ പരമ്പരാഗത വ്യവസായമായി കയർ വ്യവസായം മാറുകയും ചെയ്തു. സംസ്ഥാനത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യം നേടിത്തരുകയും ചെയ്യുന്ന മേഖലയാണിത്. ഇന്ത്യയിൽ ഏകദേശം 6.97 ലക്ഷം തൊഴിലാളികൾ കയർ വ്യവസായരംഗത്തുള്ളതിൽ 4 ലക്ഷത്തോളം പേർ കേരളത്തിലാണെന്ന് കണക്കാക്കപ്പെടുന്നു. ഒരു കുടുംബത്തിലെ ഏകദേശം എല്ലാ അംഗങ്ങളും ഈ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും മാന്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി തൊഴിലാളികൾ സംഘടിക്കുകയും ശക്തമായ സമരങ്ങൾ നടത്തുകയും ചെയ്ത മേഖലയാണിത്. ഒരു കാലത്ത് ഉത്സാഹത്തിന്റെയും കൂട്ടായ്മയുടെയും ഈറ്റില്ലമായിരുന്ന ഈ മേഖല ഇന്ന് തളർച്ചയുടെയും നാശത്തിന്റെയും വക്കിലാണ്. കേരളത്തിലെ പ്രധാന നാണ്യവിളയായ നാളികേരം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വളരെ സ്വാധീനിച്ചിട്ടുണ്ട്. കൃഷിയിടത്തിന്റെ 30% തെങ്ങുകൃഷി നടത്തിയിരുന്നത് ഇന്ന് വളരെയധികം കുറയുകയും നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുകയും ചെയ്യുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. പരമ്പരാഗതമായി കയർ ഉല്പാദനത്തിലും അനുബന്ധ വ്യവസായ തൊഴിലുകളിലും ഏർപ്പെട്ടിരുന്നവർ മറ്റു തൊഴിൽ മേഖലകളിലെ തൊഴിൽ സാധ്യതയും ഉയർന്ന വേതന ലഭ്യതയും അതുമൂലം ലഭ്യമാകുന്ന ഉയർന്ന ജീവിത നിലവാരവുംമൂലം ഈ മേഖല ഉപേക്ഷിച്ച് മറ്റു തൊഴിൽ മേഖലകളിലേക്ക് പോകുന്ന ഒരു പ്രവണതയാണിപ്പോഴുള്ളത്. ഈ മേഖലയിലെ കുത്തകകൾ വ്യവസായത്തിനാവശ്യമായ പ്രകൃതിദത്തമായ അസംസ്കൃത സാധനങ്ങൾ നമ്മുടെ നാട്ടിൽ നിന്നും ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി ആഭ്യന്തര അന്താരാഷ്ട്ര വിപണികളിൽ വിപണനം നടത്തുന്നതുമൂലം വ്യവസായത്തിന്റെ ഗുണഫലം പൂർണ്ണമായും അർഹതപ്പെട്ടവർക്ക് ലഭിക്കാതെ പോകുന്ന ഒരു സ്ഥിതിവിശേഷവും നിലവിലുണ്ട്. പ്രഗല്ഭരായ തൊഴിലാളികളുടെ അഭാവവും അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും മേഖലയുടെ നാശത്തിന് കാരണമാകുന്നു. ആധുനികവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും ഭാഗമായി പരമ്പരാഗത തൊഴിലാളികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതുവഴി വളരെയധികം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കും. കേരളത്തിലെ ഈ പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിന് ഓരോവർഷത്തേയും ബഡ്ജറ്റിൽ അർഹമായ തുക വകയിരുത്തേണ്ടത് സർക്കാരുകളുടെ പ്രാഥമിക കർത്തവ്യമാകുന്നു.

2. വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പരിശോധനയുടെ ഭാഗമായി കയർമേഖലയെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സമിതി (2006-2008) തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വകുപ്പിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ആരായുകയും പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലി വകുപ്പിനയയ്ക്കുകയും ചെയ്തു. പ്രസ്തുത ചോദ്യാവലിക്ക് ലഭ്യമായ മറുപടി സമിതി പരിഗണിച്ചു. തുടർന്ന് വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. പ്രാഥമിക വിവരങ്ങളുടെയും മറുപടിയുടെയും 21-11-2012-ലെ തെളിവെടുപ്പ് യോഗത്തിന്റെയും അടിസ്ഥാനത്തിൽ സമിതി (2011-14) എത്തിച്ചേർന്ന നിഗമനങ്ങളും, സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശുപാർശകളും ഉൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

## കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി

3. കേരളത്തിലെ കയർ വ്യവസായം പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, നിർമ്മാണ-വിപണന മേഖലകളിലെ തടസ്സങ്ങളും അനിശ്ചിതത്വവും, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, പുതിയ സാങ്കേതികവിദ്യയുടെ അഭാവം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കയർ മേഖലയിൽ നിലവിലുണ്ട്.

## തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

4. കേരളത്തിലെ കയർ മേഖലയ്ക്കും അതുമായി ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിൽ മേഖലയ്ക്കും വളരെ വ്യക്തവും സുദീർഘവുമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനോപാധി എന്ന നിലയിൽ തീരദേശത്ത് ഈ വ്യവസായം വ്യാപകമാകുന്നതിന് തൊണ്ടഴുക്കാനുള്ള പ്രകൃതിദത്തമായ സൗകര്യം, തൊണ്ടിന്റെ ലഭ്യത, തൊഴിലാളികളുടെ സാന്നിദ്ധ്യം, കമ്പോള സാധ്യത, പരമ്പരാഗതമായ സാങ്കേതികജ്ഞാനം എന്നിവ അനുകൂല ഘടകങ്ങളായിരുന്നു. റാട്ടിന്റെ സഹായത്തോടെയുള്ള കയർപിരി പരമ്പരാഗതമായി തുടർന്നുവന്നിരുന്നു. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിന്നിരുന്ന ഒരു വിഭാഗമാണ് കയർ തൊഴിലാളികൾ. സംസ്ഥാനത്തെ വ്യവസായങ്ങളിൽ താരതമ്യേന കുറഞ്ഞ കൂലി ഇന്ന് ഈ മേഖലയിലാണുള്ളത്. കാലഹരണപ്പെട്ട ഉല്പാദനരീതിയിൽ, ആകർഷകമായ വേതനം ലഭിക്കുന്നില്ലെന്നത് കൊണ്ട് പുതിയ തലമുറ ഈ തൊഴിൽ മേഖലയിലേക്ക് കടന്നുവരാൻ ഇഷ്ടപ്പെടുന്നില്ല. ഉയർന്ന ജീവിത ചെലവ് കാരണം ഈ മേഖലയിലെ തൊഴിലാളികൾ മറ്റ് തൊഴിലുകൾ തേടുന്ന അവസ്ഥയാണ് നിലവിലുള്ളത്.

5. കയർ മേഖലയിൽ നിലവിലുള്ള തൊഴിലാളി ക്ഷേമപദ്ധതികൾ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കയർ മേഖലയിലെ തൊഴിലാളികൾ കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ മേഖലയിലെ ആകർഷണീയമായ സേവനവേതന വ്യവസ്ഥകൾ കാരണം പ്രസ്തുത മേഖലയിലേക്ക് പാലായനം ചെയ്യുന്നതായി കാണുന്നു.

6. കയർ വ്യവസായം ആധുനികവൽക്കരിച്ച് ഉല്പാദനം നവീകരിക്കാത്തത് കാരണം കേരളത്തിലെ കയർ തൊഴിലാളികളുടെ 'വ്യക്തിഗത ഉല്പാദനശേഷി'

വളരെ കുറവായിട്ടാണ് കാണുന്നത്. ഉല്പാദനശേഷി പ്രത്യേകിച്ചും കുറയുന്നതിന് കാരണം, ഉപയോഗിക്കുന്ന സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും ശേഷിക്കുറവാണെന്ന് കാണാം. ആകയാൽ ഈ മേഖലയിൽ പുതിയ സാങ്കേതിക മാർഗ്ഗങ്ങളും യന്ത്രങ്ങളും ഉപയോഗിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. റബ്ബർ കൃഷിയുടെ വ്യാപനംമൂലവും തെങ്ങിന്റെ വേരുചീയൽ, മണ്ഡരി തുടങ്ങിയ രോഗങ്ങൾ കാരണവും തെങ്ങുകൃഷി ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തന്നെ തൊണ്ട് കയർ ഉല്പാദനകേന്ദ്രങ്ങളിൽ എത്തിക്കാൻ സാധിക്കുന്നില്ല എന്നതും വ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്.

## ചെറുകിട ഉല്പാദകർ നേരിടുന്ന പ്രശ്നങ്ങൾ

7. കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെപോലെ ദുരിതം അനുഭവിക്കുന്ന ഒരു വിഭാഗമാണ് ചെറുകിട ഉല്പാദകർ. ഉല്പന്ന നിർമ്മാണ മേഖലയിലും കയർപിരി മേഖലയിലും മുതൽ മുടക്കി തൊഴിലാളികൾക്ക് ജോലി നൽകുന്ന ധാരാളം ചെറുകിട ഉല്പാദകർ കയർ മേഖലയിലുണ്ട്. ഒന്നോ രണ്ടോ റാട്ടുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുകിട ഉല്പാദകർ കുറഞ്ഞ സാമ്പത്തികസ്ഥിതിയും പുരാതന ഉല്പാദനമാർഗ്ഗങ്ങളും ചകിരിയുടെ ദൗർലഭ്യവും വിലവർദ്ധനവും കയറിന് മാർക്കറ്റിലുള്ള വിലക്കുറവുംമൂലം പലപ്പോഴും പ്രതിസന്ധിയിലാകുന്നു. ഇടത്തട്ടുകാരുടെ ചൂഷണവും ഈ വിഭാഗം നേരിടേണ്ടി വരുന്നു. ചകിരിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുമ്പോൾ കടത്തുകൂലി ഉൾപ്പെടെ വിലവർദ്ധിക്കുന്നതും ആ സംസ്ഥാനങ്ങളിൽ വ്യവസായം പുരോഗമിക്കുന്നതും പ്രതികൂലമായി ബാധിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും കാര്യമായ സഹായങ്ങൾ ഈ വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പൊതുമേഖലാ ബാങ്കുകളും സഹകരണ ബാങ്കുകളും ഈ വിഭാഗത്തോട് അനുഭാവപൂർണ്ണമായി പെരുമാറുന്നില്ലായെന്ന് കാണാം. കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്ന ഒരു സംവിധാനവും ഇന്നില്ല. ചെറുകിട ഫാക്ടറികൾക്ക് പരിമിതമായ സഹായം മാത്രമേ കയർ ബോർഡും നൽകുന്നുള്ളൂ. പുതിയതായി ചെറുകിട ഉല്പാദകർ ഈ രംഗത്തേക്ക് കടന്നുവരാത്തത് മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുള്ള സഹായങ്ങളും അനുഭാവപൂർണ്ണമായ നയങ്ങളും കൊണ്ട് അവശേഷിക്കുന്ന ചെറുകിട ഉല്പാദകരെ ഈ മേഖലയിൽ പിടിച്ചുനിർത്തേണ്ടതാണെന്നും ആകർഷകമായ വ്യവസ്ഥകളിലൂടെ കൂടുതൽപേരെ ഈ മേഖലയിലേക്ക് കടന്നുവരാൻ സഹായിക്കുകയും ചെയ്യേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

## വിപണന മേഖലയിലെ പ്രശ്നങ്ങൾ

8. വിപണനം ആധുനിക വ്യവസായത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ്. ഏത് ഉല്പന്നത്തിനും തന്ത്രപരമായ ഒരു വിപണന ശൈലി അത്യന്താപേക്ഷിതമാണ്. വമ്പിച്ച വിപണനശ്രേണി നേടിയെടുക്കാൻ പ്രാപ്തിയുള്ള ഒരു വ്യവസായമാണ് കയർ വ്യവസായം. കയറ്റുമതിയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ കാരണം വിദേശ വിപണിയെക്കാൾ കൂടുതൽ ആഭ്യന്തര വിപണിയെ ആശ്രയിക്കേണ്ടതായി വരുന്നു. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി വളരെ വിശാലമായ ഒരു വിപണിയാണ്

കയറിനും കയറുല്പന്നങ്ങൾക്കുമുള്ളത്. ഇപ്പോൾ ഏകദേശം 1200 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളുമാണ് ആഭ്യന്തര വിപണിയിൽ വില്പന നടത്തുന്നത്. ആയത് ലഭ്യമാക്കാവുന്ന ആഭ്യന്തര വിപണിയുടെ ഏകദേശം 30% മാത്രമാണ്.

9. കേരളത്തിലെ കയർ വ്യവസായത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ളത് വിദേശ വിപണിയാണ്. ദശാബ്ദങ്ങൾക്ക് മുമ്പ് മുതൽ കേരളത്തിൽ നിന്ന് കയറും കയറുല്പന്നങ്ങളും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഇപ്പോൾ ഏകദേശം 90 വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്നു. കാലാനുസൃതമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി വിദേശ വിപണിയിൽ കൂടുതൽ നേട്ടങ്ങൾ സാധ്യമാക്കാവുന്നതാണ്.

10. കയർ മേഖലയിലെ പ്രധാന പ്രതിസന്ധികളിൽ ഒന്ന് കേരളത്തിലെ കയറിന്റെയും കയറുല്പന്നങ്ങളുടെയും ഗുണമേന്മ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും നിർമ്മാതാക്കൾക്ക് കഴിയുന്നില്ല എന്നുള്ളതാണ്. അവയ്ക്ക് വിപണനത്തിൽ ശ്രദ്ധിക്കപ്പെടുന്നതിനും ആകർഷിക്കപ്പെടുന്നതിനുമുള്ള അവസരങ്ങൾ നേടിയെടുക്കുന്നതിന് ഇത് തടസ്സമാകുന്നുണ്ട്. പല ഇനം കയറുകൾക്കും മേന്മ കുറവായതിനാൽ ഉല്പന്ന നിർമ്മാണത്തിന് ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു.

11. മറ്റൊരു പ്രശ്നം കേരളത്തിലെ കയർ ഉല്പന്ന മേഖല ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിൽ വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കുന്നില്ലായെന്നുള്ളതാണ്. ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിൽ കൂടി മാത്രമേ കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് സാധ്യമാകുകയുള്ളൂ. ഉല്പന്ന വിപണിയിൽ വരുന്ന മാറ്റങ്ങൾ, ഉപഭോക്താവിന്റെ താല്പര്യങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇവ യഥാസമയം അറിയുന്നതിന് ഉല്പാദകർക്ക് കഴിയുന്നില്ലായെന്നത് മറ്റൊരു പ്രധാന പ്രശ്നമാണ്.

## അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

12. കയർ മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്. സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ മതിയായ ചകിരി ഉല്പാദനം നടക്കുന്നില്ല. ഗുണനിലവാരത്തിലുള്ള ചകിരി ലഭിക്കാത്തതുമൂലം ഉയർന്ന നിലവാരമുള്ള കയർ നിർമ്മിക്കാൻ സാധിക്കാതെ വരുന്നു. കേരളത്തിൽ 570 കോടി നാളികേരം ഉല്പാദിപ്പിക്കുന്നുവെങ്കിലും പല കാരണങ്ങളാൽ കയർപിരി മേഖലയ്ക്ക് ആവശ്യമായ ചകിരി നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല. ഉല്പാദിപ്പിക്കുന്നതിൽ 30% തൊണ്ട് സംഭരിച്ച് ചകിരി നിർമ്മിച്ചാൽ ആവശ്യമായ 1,35,000 മെട്രിക് ടൺ ചകിരി നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയും. എന്നാൽ കേരളത്തിന്റെ ഉല്പാദനം 7552 മെട്രിക് ടൺ മാത്രമാണ്. കയർപിരി മേഖലയ്ക്ക് ആവശ്യമായതിന്റെ 10% ചകിരി നാര് പോലും നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല. നാം ഉല്പാദിപ്പിക്കുന്ന ആകെ കയർ യാൺ 29000 ടൺ മാത്രമാണ്. കയറ്റുമതിക്ക് ആവശ്യമായ കയർ യാണിന്റെ 52% മാത്രമേ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുള്ളൂ. ഉൽപ്പന്ന നിർമ്മാണ മേഖലയ്ക്ക് വേണ്ടി ചകിരിയും കയർ യാണും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

## തൊണ്ട് ശേഖരണത്തിലെ പ്രശ്നങ്ങൾ

13. കേരളത്തിൽ നാളികേര കൃഷി വീട്ടുവളപ്പിലെ കൃഷിയായി ചുരുങ്ങിയ അവസ്ഥയിലാണ്. ആയതുകൊണ്ട് തൊണ്ട് സംഭരണം കാര്യക്ഷമമായി ചെയ്യുന്നതിന് കഴിയാതെ വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്ലാന്റേഷൻ മാതൃകയിൽ തെങ്ങ് കൃഷി ചെയ്യുന്നതിനാൽ തമിഴ്നാട്ടിൽ അസംസ്കൃത വസ്തുക്കളുടെ സംഭരണവും സംസ്ക്കരണവും താരതമ്യേന എളുപ്പമാണ്. കൂടാതെ അത്യുല്പാദനശേഷിയും രോഗ പ്രതിരോധശേഷിയുമുള്ള തെങ്ങുകളാണ് കൂടുതൽ കൃഷി ചെയ്യുന്നത്. തൊണ്ട് ശേഖരണം സഹകരണ സംഘങ്ങളെ ഏൽപ്പിക്കുകയും ആയതിന് ഇൻസെന്റീവ് നൽകിവരികയും. ചെയ്യുന്നുണ്ട്. തൊണ്ടിന്റെ വില സൊസൈറ്റികൾക്ക് തീരുമാനിക്കാവുന്നതാണ്. തൊണ്ട് ശേഖരണത്തിനായി കൺസോർഷ്യം സ്ഥാപിച്ചുവെങ്കിലും ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചില്ലെന്ന് സമിതി മനസ്സിലാക്കുന്നു. തൊണ്ട് ശേഖരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി പൂർണ്ണ ചുമതല സൊസൈറ്റികളെ ഏൽപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. തൊണ്ട് സംഭരണത്തിന് കുടുംബശ്രീ, ജനശ്രീ പോലുള്ള സംഘങ്ങളെ ഏൽപ്പിക്കുന്നതും വളരെ കാര്യക്ഷമമായിരിക്കുമെന്ന് സമിതി കരുതുന്നു. തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടു സംഭരണം ഉൾപ്പെടുന്നതുമൂലം സംഭരണം കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.

## ഡീഫൈബറിംഗ് സെക്ടർ നേരിടുന്ന പ്രശ്നങ്ങൾ

14. ഡീഫൈബറിംഗ് സെക്ടർ നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുടെ ലഭ്യത സംബന്ധിച്ചാണ്. കേരളത്തിൽ വളരെ കുറച്ച് തൊണ്ട് മാത്രമേ ചകിരിയായി മാറ്റുന്നുള്ളൂ. ചകിരിയുടെ രൂപത്തിൽ തന്നെ തമിഴ്നാട്ടിൽ നിന്നും വൻതോതിൽ ഇറക്കുമതി ചെയ്യുകയാണ്. സാധാരണ നിലയിൽ കിലോഗ്രാമിന് 12 രൂപാ വരെ വിലയുള്ളത് ജൂലൈ മുതൽ ജനുവരി വരെ കിലോഗ്രാമിന് 25 രൂപ വരെ ഉയരുന്നു. കയർ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ലാഭകരമായ വിലയിൽ ചകിരി ലഭ്യമാക്കുന്നതിന് ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഡീഫൈബറിംഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

15. കേരളത്തിൽ പരമ്പരാഗത രീതിയിൽ തൊണ്ടഴുക്കൽ വഴി ചകിരിയെടുക്കുന്നത് വളരെ കുറഞ്ഞിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ കോഴിക്കോട്, ചിറയിൻകീഴ് ഭാഗങ്ങളിൽ ചെറിയ അളവിൽ തൊണ്ടഴുക്കി ചകിരിയെടുക്കുന്നുള്ളൂ. ഇപ്രകാരം ചകിരിയെടുക്കുന്നതുമൂലം വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതിനാൽ യന്ത്രവൽകൃത ഡീഫൈബറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും പരമ്പരാഗതമായ തൊണ്ടഴുക്കൽ പ്രക്രിയ തുടരുന്നതിൽ നിന്നും തൊഴിലാളികളെ പിന്തിരിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. തമിഴ്നാട്ടിലെ മാതൃകയിൽ പച്ചത്തൊണ്ടിൽ നിന്നും വൈറ്റ് ഫൈബറും ഉണക്കത്തൊണ്ടിൽ നിന്നും ബ്രൗൺ ഫൈബറും ഉല്പാദിപ്പിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മെഷീനുകൾ ഉപയോഗിക്കുന്നതുമൂലം ഉല്പാദനം

വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കത്തക്ക വിധത്തിൽ സാമ്പത്തിക സഹായവും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.

17. നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച മൊബൈൽ ഡീഫൈബറിംഗ് യൂണിറ്റിൽ ദിവസം മൂവായിരം മുതൽ നാലായിരം തൊണ്ട് വരെ പ്രോസസ് ചെയ്യാമെങ്കിലും ഉല്പാദന ചെലവ് കൂടുതലാണെന്ന കാരണത്താൽ കയർ സൊസൈറ്റികൾ തമിഴ്നാട്ടിൽ നിന്നും ചകിരി വാങ്ങുന്നതിന് കൂടുതൽ താല്പര്യം കാണിക്കുന്നതായി സമിതി മനസ്സിലാക്കി. കൂടാതെ തമിഴ്നാട്ടിൽ പച്ചത്തൊണ്ട് സംസ്ക്കരിക്കുന്നതുമൂലം നല്ല ഗുണനിലവാരമുള്ള ചകിരി കിട്ടുന്നു. കേരളത്തിൽ കൂടുതലും ഉണക്കത്തൊണ്ട് സംസ്ക്കരിക്കുന്നതിനാൽ ചകിരി ഗുണനിലവാരം കുറഞ്ഞതാണ്.

## സാങ്കേതികവിദ്യയിലെ കാലപ്പഴക്കം

18. കേരളത്തിൽ കയർ പിരിക്കുന്ന റാട്ടുകൾക്ക് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും വലിയ മാറ്റമൊന്നും വന്നിട്ടില്ല. മാനുവലായി പ്രവർത്തിപ്പിക്കപ്പെടുന്ന പരമ്പരാഗത റാട്ടുകളോടൊപ്പം ¼ HP മോട്ടോർ ഘടിപ്പിച്ച റാട്ടുകളും ഇന്നും കയർ ഉല്പാദനത്തിന് ഉപയോഗിച്ച് വരുന്നതായി കാണുന്നു. അയൽ സംസ്ഥാനമായ തമിഴ്നാട് ആധുനികവത്കരിച്ച യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കയറും കയറുല്പന്നങ്ങളും കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ എത്തിക്കുന്നു. ഇത് ആഭ്യന്തര മാർക്കറ്റിൽ കേരളത്തിലെ കയറിന് വലിയ വെല്ലുവിളിയാണ്. കയർ മേഖലയിൽ കേരളം പരീക്ഷിച്ച യന്ത്രവൽക്കരണം പൂർണ്ണമാകാതിരുന്നത് കയർപിരി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

**കയർ മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ**

19. കയർ മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. കാലഹരണപ്പെട്ട ഉല്പാദനരീതിയിൽ ആയാസത്തോടെ പണിയെടുക്കേണ്ടി വരുന്നതിന് കേരളത്തിലെ പുതിയ തലമുറ തയ്യാറാകുന്നില്ല. അദ്ധ്വാനഭാരം ആവശ്യമായ മേഖലകളിൽ ജോലി ചെയ്യുന്നതിന് പൊതുവെ വിമുഖത കാട്ടുന്ന സമൂഹമായി നാം മാറിക്കഴിഞ്ഞു. ആകയാൽ കാലോചിതമായ മാറ്റങ്ങൾ കയർ മേഖലയിൽ നടപ്പിലാക്കിയും ആകർഷണീയമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയും ഈ മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുവാൻ സാധിക്കും. ഈ മേഖലയിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന് ഐ.ടി.കളിലും പോളിടെക്നിക്കുകളിലും ഈ വിഷയങ്ങൾ ഐച്ഛികമായി ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടുതൽ ഗവേഷണ സാധ്യതയുള്ള കോഴ്സുകൾ യൂണിവേഴ്സിറ്റികളുടെ

ആഭിമുഖ്യത്തിൽ ആരംഭിക്കേണ്ടതും അതിനുവേണ്ട ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്. ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യത കൾ കൂടുതലായി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

## അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ

### തൊണ്ട് സംഭരണം

20. കയർ മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ്. അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ചകിരി ഉയർന്ന വിലയ്ക്ക് വാങ്ങി ഉല്പ്പന്നങ്ങൾ നിർമ്മിക്കേണ്ടതായി വരുന്നു. ഇതിന് പരിഹാരമായി മതിയായ അളവിൽ ചകിരി ഉല്പാദിപ്പിക്കപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. തൊണ്ട് സംഭരണം ഫലപ്രദമായി നടപ്പിലാക്കുന്നത് കൊണ്ട് ഒരു പരിധിവരെ നമുക്ക് ആവശ്യമായ ചകിരി ഉല്പാദിപ്പിക്കുന്നതിന് കഴിയുന്നതാണ്.

21. വീടുകളിൽ നിന്ന് തൊണ്ട് സംഭരിക്കുന്നതിന് പരിചയസമ്പന്നരായ തൊഴിലാളികളെ പ്രത്യേകം നിയോഗിച്ച് പരിശീലനം നൽകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ നിശ്ചിത എണ്ണം തൊഴിലാളികളെ നിയോഗിക്കാവുന്നതും തൊണ്ടിന്റെ എണ്ണം കണക്കാക്കി ചെറിയ തുക ഇൻസെന്റീവും പ്രതിമാസം നിശ്ചിത തുക പ്രതിഫലവും നൽകാവുന്നതാണ്. തെങ്ങ് കയറുന്ന തൊഴിലാളികളെ ഈ ജോലി ഏൽപ്പിക്കുകയാണെങ്കിൽ ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്ന താണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലാളി തൊണ്ടുകൾ ശേഖരിച്ചശേഷം വിവരം അറിയിക്കുമ്പോൾ കയർ സംഘങ്ങളോ ചെറുകിട ഉല്പാദകരോ വില നൽകി വാങ്ങേണ്ടതാണ്. ഈ പ്രവർത്തനങ്ങളെല്ലാം കയർ വികസന ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലായിരിക്കേണ്ടതുമാണ്. ഇതിനായി കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം എന്നീ വകുപ്പുകൾ യോജിച്ച് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നത് ഫലപ്രദമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

22. കൂടാതെ സ്വകാര്യ കയറുല്പാദകരും സഹകരണ സംഘങ്ങളും അംഗ ങ്ങളായ തൊണ്ടു സംഘങ്ങൾ രൂപീകരിക്കുകയും കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, ചകിരി സംസ്ക്കരണ യൂണിറ്റുകൾ എന്നിവർ ചേർന്ന് കൺസോർഷ്യത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുമാണ്. തൊണ്ട് സംഭരണ ത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സർക്കാർ തലത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കയർമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

### കയർഫെഡ് (കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ)

23. ചകിരി ഉല്പാദക സംഘങ്ങൾ, കയർ വ്യവസായ സഹകരണ സംഘങ്ങൾ, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ എന്നിവർ അംഗങ്ങളായ

കയർഫെഡ് കയർ മേഖലയിൽ നിന്നും കയർ വാങ്ങി മാർക്കറ്റ് ചെയ്യുന്നതിനുവേണ്ടി ആരംഭിച്ച സ്ഥാപനമാണ്. മുൻ വർഷങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ മാർക്കറ്റിൽ കൂടുതൽ വില കിട്ടുന്ന അവസ്ഥയുള്ളതിനാൽ സൊസൈറ്റികൾ കയർഫെഡിന് കയർ നൽകുന്നതിന് വലിയ താല്പര്യം കാണിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മാർക്കറ്റിംഗ് മേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ട സ്ഥാപനമായ കയർഫെഡ്, ചുമതല പൂർണ്ണമായും നിർവ്വഹിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

**ഫോം മാറ്റിംഗ് (ഇൻഡ്യ) ലിമിറ്റഡ്**

24. 1979-ൽ സ്ഥാപിതമായ ഫോം മാറ്റിംഗ് ഇൻഡ്യ ലിമിറ്റഡ് കോമൺ ഫെസിലിറ്റി സെന്ററായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കയർ, ചണം, സൈസൽ ഗ്രാസസ്, കോട്ടൺ തുടങ്ങിയ ജൈവനാരുകൾ ഉപയോഗിച്ച് ഉല്പന്നം നിർമ്മിച്ച് വിപണനം ചെയ്യുന്നു. സ്ഥാപനത്തിന്റെ ഡൈയിംഗ് പ്ലാന്റ് കയറ്റുമതി മേഖലയിലുള്ള വർ ഡൈയിംഗ് ജോലികൾക്ക് ഉപയോഗിക്കുന്നു. ആയതിന് സർവ്വീസ് ചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്.

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്**

25. കയർ മേഖലയിലെ ചെറുകിട ഉല്പാദകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങി വിപണം ലക്ഷ്യമിട്ട് 1969-ൽ സ്ഥാപിതമായ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ. കൂടാതെ ഉല്പന്ന നിർമ്മാണരംഗത്തും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കോഴിക്കോട്, ബേപ്പൂർ എന്നിവിടങ്ങളിലായി ഉല്പന്ന നിർമ്മാണ കേന്ദ്ര ങ്ങൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഈ മൂന്ന് കമ്പനികളും ലാഭത്തിൽ പ്രവർത്തി ക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

**നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്**

26. കയർ മേഖലയിലെ റിസർച്ച് & ഡവലപ്മെന്റ് പ്രവർത്തനങ്ങൾക്കായി 1994-ൽ സ്ഥാപിതമായ സ്ഥാപനമാണിത്. ആവശ്യത്തിനുള്ള ശാസ്ത്രജ്ഞരുടെ അപര്യാപ്തത, അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവമൂലം യഥാവിധി പ്രവർത്തിക്കുന്നതിന് ഈ സ്ഥാപനത്തിന് സാധ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാ ക്കുന്നു.

**കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

27. തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി രൂപീകരിച്ച സ്ഥാപന മാണ് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്. നിലവിൽ ഏകദേശം അറുപതിനായിര ത്തോളം പേർക്ക് പെൻഷൻ നൽകിവരുന്നു. കൂടാതെ തൊഴിലാളികളുടെ മക്കൾക്ക് വിവാഹ ധനസഹായം, നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് ധനസഹായം, പ്രൊഫഷണൽ കോഴ്സുകൾക്ക് ധനസഹായം എന്നിവ നൽകുന്നു. അംഗങ്ങളിൽ നിന്നും കോൺട്രിബ്യൂഷൻ 5 രൂപയാണ്. ഇതുവഴി ഒന്നരക്കോടി രൂപ ബോർഡിന് ലഭിക്കുന്നുണ്ട്. ഉല്പാദകരിൽ നിന്നും കോൺട്രിബ്യൂഷൻ യഥാവിധി പിരിച്ചെടുക്കാൻ കഴിയുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലകൾ തോറുമുള്ള അർഹരായ തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തി അവർക്ക് ആനുകൂല്യങ്ങൾ യഥാസമയം

ലഭ്യമാക്കുന്നതിനും പിരിച്ചെടുക്കേണ്ട തുക യഥാസമയം പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കയർ ബോർഡ്**

28. കയർ മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് കയർ ബോർഡ് വഴിയാണ്. കയർ ബോർഡിന്റെ ഫീൽഡ് ലെവൽ ഓഫീസർമാർ കുറവായതുകൊണ്ട് അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. കേന്ദ്രം ഈ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ നടപ്പിലാക്കുന്നതിനുള്ള ചുമതല സംസ്ഥാന ത്തിനെ ഏൽപ്പിക്കുകയാണെങ്കിൽ കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസുകൾ വഴി ആയവ നടപ്പിലാക്കുന്നതിന് സാധിക്കും. ആകയാൽ കയർ മേഖലയിലെ കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന് നേരിട്ട് അനുവദിക്കപ്പെടുന്നതിന് ആവശ്യമായ നടപടി കൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കയർ മേഖലയുടെ ഉന്നമനത്തിനായി കയർ ബോർഡും സംസ്ഥാനവും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കയർ തൊഴിലാളികൾക്കുള്ള ധനസഹായം

| | | |
|---|---|---|
| വിവാഹ ധനസഹായം | .. | 2,000 |
| പ്രസവാനുകൂല്യം | .. | 1,000 |
| ചികിത്സാ സഹായം | .. | 1,000 |
| സ്ഥിരാസ്വാധീനം | .. | 2,500 |
| താത്കാലികാസ്വാധീനം | .. | 600 |
| അപകടമരണം | .. | 10,000 |
| ശവസംസ്കാരം | .. | 1,000 |

വിദ്യാഭ്യാസ ധനസഹായം

| | | | |
|---|---|---|---|
| (എ) +2, ഡിഗ്രി | .. | 750 | പ്രതിവർഷം |
| (ബി) പ്രൊഫഷണൽ കോഴ്സ് | .. | 3,000 | ” |
| പെൻഷൻ | .. | 400 | ” |

കയർ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണെന്ന് സമിതി നിരീക്ഷിച്ചു. മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സമിതിയുടെ കണ്ടെത്തലുകൾ

30. 2851-00-106-95 വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരമേളകൾ എന്ന ഇനത്തിൽ ബഡ്ജറ്റിൽ തുക അനുവദിക്കുന്നത് ഓരോ വർഷവും കുറഞ്ഞു വരുന്നതായി കാണുന്നു. വിപണി കീഴടക്കുന്നതിനും ഉല്പന്നങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും പരസ്യപ്രചാരണം അത്യാവശ്യമായതിനാൽ ഈ ഇനത്തിൽ കൂടുതൽ തുക ലഭ്യമാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ക്ഷേമപദ്ധതികൾക്കുള്ള തുക (2851-00-106-63) കുറഞ്ഞുവരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. കയർ മേഖലയിൽ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും വ്യാപകമാക്കുന്നതിന് കാര്യക്ഷമമായ ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ആയതിനാൽ ഈ ഹെഡിൽ കൂടുതൽ തുക വകയിരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സഹകരണ സംഘങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് (2851-00-110-58, 2851-00-106-56) 2011-12-ൽ തുക വകയിരുത്തിയിട്ടില്ല. 2012-13 ബഡ്ജറ്റിൽ ഈ ഇനം തന്നെ ഉൾപ്പെടുത്തിക്കാണുന്നില്ല. 2010-11 കാലയളവിലെ തുക ഏതാണ്ട് പൂർണ്ണമായും ചെലവഴിച്ച വകയിൽ തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്താതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. 2851-00-106-89 ഉദ്യമകർത്താക്കൾക്ക് മാർജിൻ മണി വായ്പ എന്ന ഇനത്തിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതിരുന്നത് അർഹരായവരെ കണ്ടെത്താനാകാത്തതുകൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി കൂടുതൽ ജനസമ്പർക്ക പരിപാടികൾ നടത്തേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു.

31. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കമ്പോസിറ്റ് ബോർഡുകളുടെ നിർമ്മാണത്തിന് പണിശാല സ്ഥാപിക്കുന്നതിനും 2011-12 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. 2851-00-106-32 കയർ മാർക്കറ്റിംഗ് കൺസോർഷ്യം എന്ന ഇനത്തിൽ 2011-12-ൽ വകയിരുത്തിയിരുന്ന 200 ലക്ഷം രൂപ ചെലവഴിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് നിരീക്ഷിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഓരോ വർഷവും ബഡ്ജറ്റ് വിഹിതത്തിൽ ഉപയോഗിക്കാതിരിക്കുന്ന തുക അടുത്ത വർഷങ്ങളിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

32. വ്യാവസായിക വളർച്ച അത്യുന്നതിയിലെത്തിയ ആധുനിക കാലഘട്ടത്തിൽ കയർവ്യവസായം ഉൾപ്പെടെയുള്ള പല പരമ്പരാഗത വ്യവസായങ്ങളും തകർച്ച നേരിടുകയാണ്. ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടപ്പിലാക്കി കയർ വ്യവസായം പുനഃസംഘടിപ്പിച്ചും തൊഴിലാളികൾക്ക് ആകർഷകമായ കൂലി നൽകിയും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കിയും ഈ വ്യവസായത്തെ തകർച്ചയിൽ നിന്നും കരകയറ്റാനാവുമെന്ന് സമിതി പ്രത്യാശിക്കുന്നു. വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തുക വഴി ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഈ സുവർണ്ണനാരിന്റെ പേര് ലോകം മുഴുവൻ അറിയപ്പെടുന്നതാക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു.

## ശിപാർശകൾ/നിർദ്ദേശങ്ങൾ

1. സംസ്ഥാനത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പരമ്പരാഗത വ്യവസായമാണ് കയർ. എന്നാൽ കയർ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും വളരെ തുച്ഛമാണ്. ആയതിനാൽ കയർ മേഖലയിലെ മിനിമം വേതനം അടിയന്തിരമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേരളത്തിലെ മറ്റു തൊഴിൽ മേഖലകളിലെ തൊഴിൽ സാധ്യതയും ഉയർന്ന വേതനഘടനയും മറ്റ് അനുബന്ധസൗകര്യങ്ങളും കയർ തൊഴിലാളികൾക്ക് സമയബന്ധിതമായി ലഭ്യമാകുന്നതിനുള്ള സത്വര നടപടികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കയർ തൊഴിലാളി ക്ഷേമപദ്ധതികൾക്കുള്ള സഹായം അർഹരായവർക്ക് യഥാസമയം ഉറപ്പുവരുത്തുന്നതിനും യന്ത്രവൽക്കരണംമൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ പദ്ധതികളും പ്രോജക്ടുകളും രൂപപ്പെടുത്തണമെന്നും മറ്റു മേഖലകളിലേതിന് തുല്യമാക്കി കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. തൊണ്ട് സംഭരണം വ്യാപകവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി പരിചയസമ്പന്നരായ തൊഴിലാളികളെ നിയോഗിക്കുകയും അവർക്ക് ഇൻസെന്റീവ് ഏർപ്പെടുത്തുകയും ചെയ്യുക; ശേഖരിക്കുന്ന തൊണ്ട് സംഭരിക്കുന്നതിനായി കയർ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക; ഡീഫൈബറിംഗ് യൂണിറ്റുകൾ വ്യാപകമാക്കുക എന്നിവ വഴി അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തൊണ്ട് പരമാവധി നമ്മുടെ സംസ്ഥാനത്തു നിന്ന് സ്വയം സഹായ ഗ്രൂപ്പുകൾ വഴി സംഭരിക്കുന്നതിനും അവ സംഭരണ സ്ഥലങ്ങളിൽ എത്തിക്കുന്നതിനും സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതിനും വൈദ്യുതി സബ്സിഡി നൽകുന്നതിനും, ആവശ്യക്കാർക്ക് കുറഞ്ഞ നിരക്കിൽ തൊണ്ട്, ചകിരി എന്നിവ ലഭ്യമാക്കുന്നതിനും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടുസംഭരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനുമാവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. കയർ സാങ്കേതിക വിദ്യാ ഗവേഷണവും വികസനവും കാര്യക്ഷമമാക്കുന്നതിനും ട്രെയിനിംഗ് നൽകുന്നതിനും കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയർ സംയോജിത ഭൂവസ്ത്ര വികസന പദ്ധതി, കയർപിരിയന്ത്രങ്ങളുടെ ഉപയോഗം എന്നിവ കൂടുതൽ വിപുലമാക്കണമെന്നും കയർ ഭൂവസ്ത്രത്തിന്റെ വ്യാവസായിക പാരിസ്ഥിതിക സാധ്യതകൾ സംബന്ധിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തണമെന്നും വാഹനസാമഗ്രികൾ, ഫ്ളോർ ടൈൽസ്, പാനൽ റൂഫ്, കരിക്കിന്റെ തൊണ്ടിൽ നിന്ന് പാർട്ടീഷൻ ബോർഡുകൾ, ടൈൽസ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണമെന്നും കയർപിത്തുപയോഗിച്ചുള്ള ചവിട്ടി, ചെരിപ്പ്, ചിരട്ട

ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ, ട്രേകൾ, ചായങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും മാതൃകാ കയർ ഗ്രാമം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ആഭ്യന്തര വിപണിയുടെ പ്രോത്സാഹനത്തിനും വിദേശ വിപണികൾ കണ്ടെത്തുന്നതിനും വേണ്ടി കാര്യക്ഷമമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും മാർജിൻ മണി വായ്പാ വിഹിതം വർദ്ധിപ്പിക്കണമെന്നും വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കണമെന്നും ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കുന്നതിനും, പർച്ചേയ്സ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. കുത്തക മേഖലയിലെ മറ്റു സമാന ഉല്പന്നങ്ങളുമായി മത്സരിക്കുന്നതിനും വിപണി കയ്യടക്കുന്നതിനും ആവശ്യമായ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നും ഉല്പാദന ചെലവിനനുസൃതമായി വില പുനർനിർണ്ണയത്തിനും നടപടി സ്വീകരിക്കണമെന്നും പ്രകൃതിദത്ത നാരായ കയറിന്റെയും അനുബന്ധ ഉല്പന്നങ്ങളുടെയും ഉപഭോഗം പരമാവധി വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണത്തിലൂടെ നടപടി സ്വീകരിക്കണമെന്നും വൈവിദ്ധ്യവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിവിധതരം ആധുനിക ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനുംവേണ്ട ഗവേഷണ അനുബന്ധ നടപടികൾ സ്വീകരിക്കണമെന്നും കയർഫെഡ്, കയർ കോർപ്പറേഷൻ ഇവയുടെ പ്രവർത്തനം വിപുലമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. കയറുല്പന്നങ്ങൾ തീപിടിക്കാൻ സാധ്യത കുറവാണ്. ആയതിനാൽ തീയറ്ററുകൾ, വൻകെട്ടിടങ്ങൾ എന്നിവയിലും സംസ്ഥാനത്തെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഇന്റീരിയർ ഡെക്കറേഷനും മറ്റും പരമാവധി കയറുല്പന്നങ്ങളുപയോഗപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മണ്ണൊലിപ്പ് തടയുന്നതിനും ജൈവവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിനുമായി നദീതീരങ്ങളിൽ ഭൂവസ്ത്രങ്ങളുപയോഗിച്ച് തടയണകൾ നിർമ്മിക്കുന്നത് വ്യാപകമാക്കണമെന്നും സങ്കരയാണുകൾ ഉപയോഗിച്ചുള്ള ബാഗുകൾ, ചെരുപ്പുകൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണി പരമാവധിയാക്കുന്നതിന് ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ, പാർട്ടീഷൻ ബോർഡുകൾ എന്നിവ കയറുല്പന്നങ്ങളുപയോഗിച്ച് വ്യാപകമായി നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കയറധിഷ്ഠിത നിർമ്മാണ സാമഗ്രികളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി. മാന്വലിൽ നിർമ്മാണ വസ്തുക്കൾ സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി കയറുല്പന്നങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിലുല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങളുടെ ഗുണനിലവാരം വ്യത്യസ്തമാണ്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതയനുസരിച്ച് മേഖലാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ഗുണനിലവാരം നിശ്ചയിച്ച് ബ്രാൻഡിംഗ് ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. സംസ്ഥാനത്ത് കയർ വ്യവസായം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് ചില പ്രത്യേക പ്രദേശങ്ങളിലാണ്. സ്വാഭാവികമായും അത്തരം പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളുടെയും കയർ ഫാക്ടറികളുടെയും കയറുല്പാദന കേന്ദ്രങ്ങളുടെയും അനുബന്ധ വ്യവസായങ്ങളുടെയും എണ്ണം മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലായിരിക്കും. ഇത്തരം മേഖലകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പുതലത്തിൽ ഉദ്യോഗസ്ഥരെ കൂടുതൽ നിയമിക്കുകയോ ജോലിഭാരം കുറഞ്ഞ മറ്റ് ഭാഗങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ നിയമിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. തെങ്ങ് കൃഷി മുതൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കത്തക്കനിലയിൽ കൃഷി, വ്യവസായ വകുപ്പുകൾ യോജിച്ച് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിലൂടെ ഒരു സമഗ്ര കയർ വ്യവസായ പുനരുജ്ജീവന പദ്ധതിക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കേരളത്തിന്റെ ടൂറിസം മേഖലകൾ കേന്ദ്രീകരിച്ച് ഷോറൂമുകൾ കൂടുതൽ സ്ഥാപിക്കുന്നതിനും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കയർ ഫെസ്റ്റുകളും മേളകളും കയർ വകുപ്പും കയർ ബോർഡും സംയുക്തമായി ടൂറിസം സീസണുകളിൽ ട്രാവൽ മാർട്ടുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. കയർ തൊഴിലാളികളിൽ ഗുരുതരമായ ശ്വാസകോശ രോഗങ്ങളും മറ്റും വ്യാപിക്കുന്നതിനാൽ ഇവർക്ക് മൂന്ന് മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുന്നതിനും സൗജന്യ ചികിത്സാ സൗകര്യങ്ങൾ, ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തുന്നതിനും എല്ലാ തൊഴിലാളികളെയും ESI-യുടെ കീഴിൽ കൊണ്ടുവരുന്നതിനും കൂടുതൽ വൃദ്ധസദനങ്ങളും ബാലഭവനുകളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കമ്മ്യൂണിറ്റി/പ്രൈമറി ഹെൽത്ത് സെന്ററുകളിലെ coirward കൂടുതൽ സജീവമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. സംസ്ഥാനത്തെ കയർ മേഖലയിൽ തൊഴിലെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ സമഗ്രമായ ഒരു Data Bank രൂപപ്പെടുത്തുന്നതിനും, ഇത്തരത്തിലുള്ള കയർ തൊഴിലാളികൾക്ക് സംസ്ഥാനത്തെ സംഘടിത മേഖലയിലെ കയർ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാവിധ ആനുകൂല്യങ്ങളും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. കയർ തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 5,000 രൂപയായും വിദ്യാഭ്യാസ ധനസഹായം നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രതിവർഷം 2,000 രൂപയായും പ്രൊഫഷണൽ കോഴ്സുകൾക്ക് 5,000 രൂപയായും ഉയർത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

14. നാച്ചുറൽ ഫൈബർ സംബന്ധിച്ച കേന്ദ്രഗവൺമെന്റ് പോളിസിയിൽ കയറിന് ഫണ്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സെസ് കളക്ഷൻ സംബന്ധിച്ച നടപടികൾ കാര്യക്ഷമമാക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ചെറുകിട ഉല്പാദകരെ സഹായിക്കുന്നതിനായി കുറഞ്ഞ പലിശനിരക്കിൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഈ വിഭാഗക്കാരെ കയർ മേഖലയിൽ പിടിച്ചുനിർത്തുന്നതിനായി അനുഭാവപൂർവ്വമായ നയങ്ങൾ രൂപീകരിക്കുന്നതിനും ആകർഷകമായ വ്യവസ്ഥകളിലൂടെ ചെറുകിട ഉല്പാദകർക്ക് സഹായങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ എന്നിവരിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നതിനും ഉല്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും കയർഫെഡ് ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ആഭ്യന്തര-വിദേശ വിപണികളിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കയർഫെഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഫെബ്രുവരി 14.